**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2785** **14-09-2023 - ൽ മറുപടിയ്ക്ക്**

**കേരള എന്റർപ്രണർ വായ്പാപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള എന്റർപ്രണർ ലോൺ സ്കീം (കെ.ഇ.എൽ.എസ്.) സംരംഭക പദ്ധതി പ്രകാരം ആർക്കൊക്കെയാണ് വായ്പ ലഭ്യമാകുന്നത്; | (എ) | 2006 ലെ MSMED ആക്ട് പ്രകാരം Udyam Registration എടുക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും കേരള എന്റർപ്രണർ ലോൺ സ്കീം (കെ.ഇ.എൽ.എസ്) വഴിയുള്ള വായ്പയ്ക്ക് ബാങ്കിനെ സമീപിക്കാവുന്നതാണ്. |
| (ബി) | വായ്പ ലഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | Udyam Registration എടുക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും വായ്പയ്ക്കുള്ള അപേക്ഷ ബാങ്കിൽ സമർപ്പിക്കാവുന്നതാണ്.<br><br>10 ലക്ഷം രൂപ വരെയുള്ള ചെറുകിട ഇടത്തരം സംരംഭങ്ങൾക്കു Collatoral security ഒന്നുമില്ലാതെയാണ് വായ്പ അനുവദിക്കുന്നത്.<br><br>ഇതിന്റെ സുതാര്യവും സുഗമമായ നടത്തിപ്പിന് ഒരു ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. സംരംഭകർക്ക് പോർട്ടലിൽ രജിസ്റ്റർ ചെയ്ത് അവർക്ക് അനുയോജ്യമായ ബാങ്ക് തെരഞ്ഞെടുക്കാവുന്നതാണ്.<br><br>Udyam Registration ചെയ്തിട്ടുള്ള ഗുണഭോക്താക്കൾക്ക് മുദ്രാ ലോൺ പലിശ നിരക്കിനാണ് വായ്പകൾ ലഭ്യമാക്കുന്നത്. |
| (സി) | സംരംഭകർക്ക് എത്ര തുക വരെയാണ് പരമാവധി വായ്പ നൽകി വരുന്നത്; | (സി) | ഒരു സംരംഭം ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥിരമൂലധന നിക്ഷേപത്തിനും പ്രവർത്തന മൂലധനത്തിനും വേണ്ടിവരുന്ന തുകയാണ് പ്രസ്തുത സംരംഭത്തിന്റെ പ്രോജക്ട് കോസ്റ്റ്. പ്രസ്തുത തുകയിൽ, ബാങ്ക് നിശ്ചയിച്ചിട്ടുള്ള നിരക്ക് പ്രകാരം സംരംഭകൻ നൽകേണ്ടുന്ന മാർജിൻ കഴിച്ചുള്ള തുക ആണ് ലോൺ ആയി നൽകുന്നത്. ആയതിനു പ്രത്യേക പരിധി വച്ചിട്ടില്ല. ബാങ്കുകൾ മുഖേന ആണ് ഇപ്രകാരം സംരംഭകർക്ക് വായ്പ നൽകുന്നത്. |
| (ഡി) | വായ്പ അനുവദിക്കുന്ന അർഹരായ സംരംഭകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്; വിശദമാക്കാമോ? | (ഡി) | വായ്പ അനുവദിക്കുന്ന അർഹരായ സംരംഭകർക്ക്, വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രാരംഭ സഹായം, |

| | | | |
|---|---|---|---|
| | | | നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലായി സഹായം നൽകി വരുന്ന സംരംഭക സഹായ പദ്ധതി; ഉൽപ്പാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള വായ്പയ്ക്ക് പലിശ ഇളവ് നൽകുന്ന "ഒരു കുടുംബം ഒരു സംരംഭം പദ്ധതി" എന്നീ പദ്ധതികൾ മുഖേനയുള്ള ആനുകൂല്യത്തിന് പദ്ധതി നിബന്ധനകൾക്ക് വിധേയമായി അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ